(ബി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) പെർഫോർമൻസ് ഓഡിറ്റ് അഴിമതി കണ്ടുപിടിക്കുന്നതിന് പര്യാപ്തമാണോ;

(എഫ്) പരാതിയിന്മേൽ വിജിലൻസ് വകുപ്പ് മുഖാന്തിരം അന്വേഷണം നടത്തുമോ?

ഉത്തരം

(എ) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചത് പരിശോധിച്ചുവരുന്നു.

(ഇ) പര്യാപ്തമാണ്.

(എഫ്) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ച തിനുശേഷം ആവശ്യമെന്നുകണ്ടാൽ വിജിലൻസ് വകുപ്പു മുഖാന്തിരം അന്വേഷണം നടത്തുന്നതാണ്.

119 (2275) കുളനട പഞ്ചായത്തിലെ മണൽ വാരൽ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിൽ മണൽലേലം ചെയ്ത വകയിൽ 1999-2000 വർഷത്തിൽ എന്തു തുക റവന്യൂയിനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 29-2-2000 വരെ ഉദ്ദേശം എത്ര ലോഡ് മണൽ വാരിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) അച്ചൻകോവിൽ നദിയിൽനിന്നും കുളനട പഞ്ചായത്ത് പ്രദേശത്തെ കടവുകളിൽനിന്നും വ്യാപകമായി മണൽ വാരൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുളനട പഞ്ചായത്തിൽ 1995 മുതൽ മണൽ ലേലം നടത്തിയതിൽ ലേലത്തുകയിനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) 1995 മുതൽ മണൽ ലേലം ചെയ്ത വകയിൽ കോൺട്രാക്ട് തുക എത്രയായിരുന്നു;

(എഫ്) മണൽവാരൽ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6,61,333/- രൂപ.

(ബി) ഒരു കടവിൽനിന്നും 300 ലോഡ് മണൽ വാരിയിട്ടുണ്ട്. മറ്റ് രണ്ടു കടവുകളിൽ നിന്നും മണൽ വാരുന്നതിന് കോടതി നിരോധനം ഉണ്ടായതിനാൽ പി.ഫോം നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1995-96, 1996-97, 1997-98 പഞ്ചായത്ത് നേരിട്ട് വാരിയത് - 13,26,394/- രൂപ

1998-99 - 12,50,592/- രൂപ

1999-2000 - 6,61,333/- രൂപ

ആകെ - 32,38,319 രൂപ

(ഇ) 1998-99 - ൽ 20,51,100/- രൂപ

1999-2000 - ൽ 19,84,000/- രൂപ

1995-96, 96-97, 97-98 എന്നീ വർഷങ്ങളിൽ പഞ്ചായത്ത് നേരിട്ട് മണൽ വാരുകയായിരുന്നു.

(എഫ്) തഹസീൽദാർമാർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, പോലീസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ പരിശോധന നടത്തുകയും നിയന്ത്രിക്കുകയും ചെയ്തുവരുന്നു.

120 (2276) കോയിപ്രം പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിൽ ജനകീയാസൂത്രണപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 99-2000 വർഷത്തിൽ സർക്കാരിൽനിന്നും എന്തു തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ നാളിതുവരെ എന്തുതുക ചെലവായിട്ടുണ്ട്;

(സി) ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവാക്കിയ തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) സർക്കാരിൽ നിന്നും പദ്ധതി നടത്തിപ്പിനുവേണ്ടി അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിയുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) 27,21,344/- രൂപ.

(ബി) 20,09,104/- രൂപ.

(സി) ഉൽപ്പാദനമേഖലയ്ക്ക് ലഭിച്ച 8,16,403 രൂപയിൽ 5,82,104 രൂപ ചെലവഴിച്ചു. സേവന മേഖലയ്ക്കു 16,24,500 രൂപ ലഭിച്ചതിൽ 14,27,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly